**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4488** **01-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വിശദമാക്കുമോ; അതിലൂടെ അധികവരുമാനമായി ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ നാല് തവണ വൈദ്യുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 2017, 2019, 2022, 2023 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-2018-ൽ 550 കോടി രൂപയുടെയും, 2019-2020-ൽ 902.90 കോടി രൂപയുടെയും, 2022-2023-ൽ 760 കോടി രൂപയുടെയും അധികവരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ് .ഇ.ബി. ലിമിറ്റഡിന് ലഭിച്ചിരുന്നു. 2023-24 -ലെ താരിഫ് പരിഷ്കരണം മൂലം 221.15 കോടി രൂപയുടെ അധികവരുമാനം ലഭ്യമായെന്നാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. |
| (ബി) | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി നിരക്കിലെ കുടിശികയിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപ ലഭിക്കാനുണ്ട്; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (ബി) | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശ ഒഴികെ 31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 2310.70 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) ടി കുടിശ്ശികയുടെ വകുപ്പ് തിരിച്ചുള്ള വിശദവിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | പ്രസ്തുത കുടിശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷി ഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | കുടിശിക തുക പിരിച്ചെടുക്കാൻ ഉപഭോക്താക്കൾക്ക് തുക ഗഡുക്കളായി അടയ്ക്കുവാനുള്ള സൗകര്യം നിലവിലുണ്ട്. ഇതിനു പുറമെ കുറഞ്ഞ പലിശ നിരക്ക് അനുവദിച്ചുകൊണ്ട് കാലാകാലങ്ങളിൽ വൺ ടൈം സെറ്റിൽമെന്റ് (OTS) പോലത്തെ ആകർഷകമായ പദ്ധതികളും കെ.എസ്.ഇ.ബി.എൽ ഉപഭോക്താക്കൾക്ക് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശ ഒഴികെ കിട്ടാനുള്ള തുക

| ഇനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 172.75 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 338.71 |
| കേരള വാട്ടർ അതോറിറ്റി | 188.29 |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.41 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 67.39 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 7.27 |
| പൊതു സ്ഥാപനങ്ങൾ | 70.94 |
| ഗാർഹികം | 370.86 |
| സ്വകാര്യ സ്ഥാപനങ്ങൾ | 1009.74 |
| ക്യാപ്റ്റീവ് പവർ പ്ലാന്റ്സ് | 67.14 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.84 |
| ലൈസൻസി | 13.19 |
| മറ്റിനം | 0.17 |
| **ആകെ** | **2310.70** |